മിസ്റ്റർ കെ. എസ്സ്". പണിക്കർ : അതിന്റെ പ്രസിഡണ്ട് ആരാണ്"?

രാമവർമ്മതമ്പുരാൻ : നോട്ടീസ്സുവേണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : അങ്ങിനെയാണെങ്കിൽ ഗവമ്മെണ്ട ദയവുചെയ്ത് ബാക്കി കൺട്രോൾ സാധനങ്ങളും ഈമാതിരി കോവോപ്പറേറീവുസൊസൈറ്റിയെ ഏല്പിക്കുമൊ?

Rama Varmha Tampuran, M.B.E. *(Chief Secretary to Government):* It is quite a different question, Sir.

മിസ്റ്റർ കെ. ടി. അച്യുതൻ : നെയ്ത്തുകാക്ക നൂലുവില്ക്കുവാൻ അവക്ക അധികാരമുണ്ടൊ?

രാമവർമ്മതമ്പുരാൻ : ഇല്ല.

ARTICLE IN THE "DEENABANDHU" DATED 5TH MITHUNAM 1121

192. ചൌധരി ജി. എസ്സ്". ധാരാസിംഗ": ബഹുമാനപ്പെട്ട ഗവമ്മെണ്ട് താഴെ പറയുന്ന ചോദ്യങ്ങൾക്ക ദയവായി മറുപടി പറയുമോ.—

(എ) മിഥുനം 9-ാംനു-ത്തെ ദീനബന്ധുവിൽ "കട വേണ്ട റേഷൻ കാർഡു മതിയേ!" എന്ന ലേഖനം ഗവമ്മെണ്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഗവമ്മെണ്ട് അതിനെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയൊ; ഉണ്ടെങ്കിൽ അതിന്റെ ഫലമെന്തായി?

റാവു സാഹിബ്ബ് എം. എം. പോൾ:

(എ) ഉണ്ട്".

(ബി) ഉവ്വ്". പക്ഷെ ലേഖനത്തിൽ പറഞ്ഞിരുന്നവ അതിശയോക്തി പ്രസ്താവനകളാണെന്നാണ് അന്വേഷണത്തിൽ അറിഞ്ഞതു്. കടക്കുള്ള പെർമിറ്റ കിട്ടുവാൻ ജനങ്ങൾ തടിച്ചുകൂടി പെർമിറ്റ കൊടുക്കുന്ന ഉദ്യോഗസ്ഥന്മാരെ ബുദ്ധിമുട്ടിച്ചിരുന്നെങ്കിലും കഴിയുന്നത്ര അപേക്ഷകർക്ക പെർമിറ്റുകൾ കൊടുത്തിട്ടുണ്ട്. പെർമിറ്റിനുള്ള അപേക്ഷകളോടുകൂടി അപേക്ഷകരുടെ റേഷൻ കാർഡുകൾ ഹാജരാക്കണമെന്നായിരുന്ന ആദ്യത്തെ വ്യവസ്ഥ. അപേക്ഷകർ കൊച്ചിരാജ്യത്തു സ്ഥിരതാമസക്കാരാണോ എന്നറിയുവാനും പെർമിറ്റ വാങ്ങിയാൽതന്നെ വീണ്ടും വീണ്ടും വാങ്ങാൻ ഇടയാകാതിരിക്കുന്നതിനുംവേണ്ടി പെർമിറ്റ കൊടുക്കുമ്പോൾ കാർഡിൽ രേഖപ്പെടുത്തുന്നതിനുമായിരുന്ന ഈ വ്യവസ്ഥ ചെയ്തിരുന്നതു്. എന്നാൽ എല്ലാ അപേക്ഷക്കാക്കും അന്നന്നുതന്നെ തീർപ്പുനൽകുവാൻ സാദ്ധ്യമല്ലെന്നു കണ്ടതിനാലും അപേക്ഷകർക്ക റേഷൻ കാർഡ് അന്നന്നുതന്നെ തിരികെ കിട്ടേണ്ടതു് ആവശ്യമായതിനാലും അപേക്ഷയോടുകൂടി റേഷൻകാർഡും ഹാജരാക്കണമെന്നുള്ള വ്യവസ്ഥ മാറ്റിയിട്ടുണ്ട്".

ചൌധരി ജി. എസ്സ്". ധാരാസിംഗ": പത്രങ്ങളിൽ കാണുന്ന പ്രസ്താവനകളും ജനപ്രതിനിധികൾ ഇവിടെ പുറപ്പെടുവിക്കുന്ന പ്രസ്താവനകളും അതിശയോക്തിയല്ലെന്നും അവാസ്തവമല്ലെന്നും എപ്പോഴെങ്കിലും ഗവമ്മെണ്ടിനു തോന്നിയിട്ടുണ്ടൊ? സർവ്വകാര്യങ്ങളും അന്വേഷണത്തിൽ അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞു എന്നല്ലാതെ മറുപടികാണുകയില്ല. ഇങ്ങിനെ മറുപടിപറയുകയാണൊ ഗവമ്മെണ്ടിന്റെ പതിവു"?

Rao Sahib M. M. Paul *(Director of Food Supplies):* Certainly not.

ചൌധരി ജി. എസ്സ്". ധാരാസിംഗ": അപേക്ഷകർ നേരിട്ടുകൊടുത്താൽ മതിയൊ; അഞ്ചലിൽ അയക്കണമെന്ന വ്യവസ്ഥചെയ്തിട്ടുണ്ടൊ?

റാവുസാഹിബ്ബ് എം. എം. പോൾ: കഴിയുന്നതും അഞ്ചലിൽ അയക്കണമെന്നുണ്ട്".

ചൌധരി ജി. എസ്സ്". ധാരാസിംഗ": നേരിട്ടുകൊടുക്കുവാൻ വിരോധമുണ്ടൊ?

Rao Sahib M. M. Paul *(Director of Food Supplies):* When people are allowed to present applications directly everybody wants to present it in person. So, naturally there is a crowd near the office which makes it impossible for the Field Officer to tackle. So, in order to avoid that, we directed that applications may be sent through Anchal.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : അപേക്ഷകം മാത്രം കവറിലിട്ട് അയച്ചാൽ മതിയോ?

Rao Sahib M. M. Paul *(Director of Food Supplies):* Certain other particulars are required such as full address, ration card number, whether the applicant has purchased the umbrella already, etc.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : അതിൽ വേറെ വല്ലതും ഉള്ളടക്കം വേണോ? (ചിരി)

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തച്ഛൻ : ഈ ലേഖനത്തിൽ എത്രകണ്ട് അതിശയോക്തിയും വാസ്തവവും ഉണ്ടായിരുന്നുവെന്ന പറയാമോ?

Rao Sahib M. M. Paul *(Director of Food Supplies):* Of-course, as I explained already the people crowd around him and he finds it difficult to answer everybody. Then they create a scene by crying out some slogans. One slogan is "Ration cards be returned" another slogan is that the "H.P.P. Inspector may be crucified". They raise all sorts of cries and make a scene there.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തച്ഛൻ : എന്തായിരുന്നു അതിശയോക്തിയെന്നും അതു് എത്രകണ്ടുണ്ടായിരുന്നു എന്നും പറഞ്ഞാൽ തരക്കേടില്ല.

Rao Sahib M. M. Paul *(Director of Food Supplies):* Of course I said what actually happens.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, whether there is a tendency on the part of the Government to protect their own officers?

Ra Sahib M. M. Paul *(Director of Food Supplies):* When they are right certainly they will be protected. It is not a tendency but it is a duty. But if they are in the wrong certainly we do not protect them; but we punish them.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അഞ്ചലിൽ അപേക്ഷ അയച്ചാൽ അതിനുള്ള മറുപടി കിട്ടുന്നതിനു എത്ര മാസം കഴിയണം?

Rao Sahib M. M. Paul *(Director of Food Supplies):* There is some difficulty in sending replies to all applications, when there are 2,000 and odd applications and our staff very limited.....

Mr. P. Kumaran Ezhuthassan *(Vadakkancheri):* Your staff limited? *(Laughter)*

Rao Sahib M. M. Paul *(Director of Food Supplies):* Our staff is limited and it is very difficulty to send replies to all. But applications are considered and according to priority we issue permits.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ചില കാര്യത്തിൽ അഞ്ചലിൽ നിന്നു മടക്കി അയച്ചാലും വഴിക്കുവെച്ചു ടാംപർ ചെയ്യുന്നു എന്ന ആവലാതി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

Rao Sahib M. M. Paul *(Director Food Supplies):* Yes. I have just received a complaint that when permits are issued some foulplay is being played and permits are knocked away by other people. So I propose to publish the names of all persons we are issuing permits, *i. e.,* to put up a list showing their names outside our office

Mr. M. K. Raja *(Mulakunnathukavu):* What is the good of that? When the permit is lost the man does not get the thing?

PALLIPPURAM VILLAGE—FISHING

193. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) പള്ളിപ്പുറം വില്ലേജിലെ 1-ം, 2-ം നമ്പ്രു് പൊഴിൽ കൺട്രാക്ടർ (F F 2-ലെ) ടി പൊഴിലിലെ മത്സ്യപ്പിടുത്തക്കാരായ സാധുക്കളെ പതിവുവിട്ട കൂടുതൽ ഫീസ്സു് ചുമത്തി ബുദ്ധിമുട്ടിച്ചു എന്നതിനു വല്ല ആക്ഷേപവും ഗവണ്മെണ്ടിലേക്കുകിട്ടിയിരുന്നോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിച്ചു എന്തു നിവൃത്തിയാണു് അവക്കു ചെയ്തുകൊടുത്തതു്?

(സി) പള്ളിപ്പുറം വില്ലേജിൽ മത്സ്യം പിടുത്തക്കാക്കു് സഹകരണസംഘങ്ങൾ എത്രയുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly